പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7545 — 17/7/2012-ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗ രേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതി രൂപവത്ക്കരണത്തിനായി പുറത്തിറക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ വീടില്ലാത്ത പാവപ്പെട്ടവരെ ദോഷകരമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) ഇല്ല. |
| (ബി) ഭവന നിർമ്മാണ പദ്ധതികളുടെ കുടിശ്ശിക വിതരണം മുടങ്ങിയേക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക വിതരണം മുടങ്ങാതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) ഇ.എം.എസ് ഭവന പദ്ധതിയുടെ കാലാവധി 31/3/2012-ന് അവസാനിച്ചുവെങ്കിലും 31/3/2012-വരെ എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കുടിശ്ശിക തുക നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വികസന ഫണ്ട് വിഹിതത്തിൽ നിന്നോ ബാങ്ക് വായ്പാ ഇനത്തിലോ ഫണ്ട് കണ്ടെത്താവുന്നതാണ്. |
| (സി) മിക്ക പഞ്ചായത്തുകളിലും ഭവന നിർമ്മാണ പദ്ധതി മുടങ്ങിയേക്കുമെന്ന ആശങ്ക ശ്രദ്ധയിലുണ്ടോ; വിശദമാക്കാമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ